# കൂട്ടായ നിരുത്തരവാദിത്തം

ഒരു കോഫിസ്റ്റാളിൽ വെച്ച് ചായ കുടിക്കുന്നതിനിടയിലാണ് തൊട്ടപ്പുറത്തെ രംഗം ശ്രദ്ധയിൽ പെട്ടത്. ഹിപ്പി സ്റ്റൈലിൽ ഒരു യുവാവ്. അവന് എതിർവശത്ത് രണ്ട് പെൺകുട്ടികൾ ഇരിക്കുന്നു. മറ്റൊരു പെൺകുട്ടിയെ ആ യുവാവിൻെറ അടുത്ത് ഇരുത്താനുള്ള ശ്രമത്തിലാണ് രണ്ട് പെൺകുട്ടികളും. ശാലീനയായ പെൺകുട്ടിയുടെ മുഖത്ത് അപരിചിത്വവുംഭയവും നിഴലിട്ടിരുന്നു.

ഞാൻ ആലോചിച്ചു, തികച്ചും മറ്റൊരു മതത്തിലും സംസ്കാരത്തിലും പെട്ട ആ പെൺകുട്ടിയെ എന്തിന് അവർ അവൻെറ അടുത്തു തന്നെ ഇരുത്തണം? ആ പെൺകുട്ടി എന്തിന് അവരുടെ കൂടെ കൂടി? മറ്റുള്ളവർ ആരാണ്? എന്താണവരുടെ പരിപാടി?

എവിടെക്കാണ് നമ്മുടെ കൗമാരക്കാർ പോകുന്നത്? അവരുടെതെല്ലാം ഒരു തമാശയോ? ഫാഷനോ? ഇവർക്കൊന്നും ധാർമികതയെ സൂക്ഷിക്കുന്ന രക്ഷിതാക്കളില്ലേ?

പറഞ്ഞിട്ടെന്ത്, സ്വയം പണമുണ്ടാക്കാനും എല്ലാം അനുഭവിക്കുമുള്ള തിരക്കിലാണ് ചെറുപ്പക്കാർ. പ്രത്യേകിച്ച് ദൂരെ നാടുകളിൽ പോയി പഠിക്കുന്ന ആൺ-പെൺകുട്ടികൾ. അവർക്ക് പലതും കൈവരുതിയിൽ ഒതുക്കേണ്ടതുണ്ട്. അതിന് ഒന്നും പ്രതിബന്ധമായിക്കൂടാ. രക്ഷിതാക്കളും ശാസിക്കുന്ന ഗാർഹകിചുറ്റുപാടും മതധാർമികശാസനകളുമൊന്നും അവരുടെ മുമ്പിൽ തടസ്സമായിക്കൂടാ.

പണാർജ്ജവത്തിന് അവരിൽ പലരും കണ്ടെത്തിയ മാർഗം അവരെ സംബന്ധിച്ചിടത്തോളം വളരെ ലാഘവവും പാപരഹിതവുമായ ലൈംഗികതൊഴിലാണ്. പഴയ വേശ്യാവൃത്തിയുടെ പുതിയ പഞ്ചനക്ഷത്ര പതിപ്പ്. പതിനെട്ട് വയസ്സിന് താഴെയുള്ളവരാണ് ഇവരിൽ ഭൂരിഭാഗവും. ദൂരെ നാടുകളിൽ പോയി പഠിക്കുന്ന മക്കളെ സംബന്ധിച്ച് രക്ഷിതാക്കൾക്കുമില്ല ആശങ്ക. അവർ കുട്ടികളും നിഷ്കളങ്കരുമാണ് രക്ഷിതാക്കൾക്ക്. അവരെ അതിരുകളില്ലാത്ത സ്വാതന്ത്ര്യത്തിലേക്ക് പറന്നുയരാൻ സഹായിക്കുന്നത് ഒരർഥത്തിൽ രക്ഷതാക്കൾ തന്നെയാണ്. ഭാവിയിലായിരിക്കും അതിൻെറ വേദന അവർ തിന്നേണ്ടിവരിക. തന്നിൽനിന്ന് അകന്നു ദൂരെ പോയി പഠിക്കുന്ന തൻെറ കുട്ടി വഴി തെറ്റില്ല എന്ന മുൻവിധി ഒരു രക്ഷിതാവിനും നല്ലതല്ല. അവയെ തിരുത്തുന്നതാണ് ദൈനംദിന അനുഭവങ്ങൾ.

ലൈംഗികമായ സമീപനം കൗമാരക്കാരിൽ ഏറിവരുന്നതായാണ് പഠനം സൂചിപ്പിക്കുന്നത്. ഇത്തരത്തിലുള്ള പ്രായക്കാരിൽ 69.8 ശതമാനവും പതിനെട്ട് വയസ്സിനു മുമ്പ്തന്നെ ലൈംഗികവൃത്തിയിൽ ഏർപ്പടുന്നുണ്ടെന്നാണ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽസയൻസിൻെറ സർവെ. അതിൽ തന്നെ ഭൂരിഭാഗം കുട്ടികളും അതായത്, 41.35 ശതമാനം 16 വയസ്സിന് മുമ്പ് തന്നെ ലൈംഗികവൃത്തിയിൽ ഏർപ്പെട്ടിട്ടുണ്ട്.

പഠിക്കുന്ന കോളേജിൽ തന്നെ ഇതിന് പിൻവാതിൽ സൗകര്യം ലഭ്യമാണ്. ഇത്തരം സംഭവങ്ങളിൽ ഗുരുതരമായ ശാരീരികപ്രശ്നങ്ങൾ ഉണ്ടാകുന്നവരെ വളരെ രഹസ്യമായാണ് കോളേജ് അധികൃതർ കൈകാര്യം ചെയ്യുന്നത്.സ്കൂളുകളിൽനിന്ന് പോകുന്ന ടൂർപ്രോഗ്രാമിൽ പലതിലും ഈ പരിപാടി അരങ്ങ് തകർക്കുന്നതായാണ് അനുഭവം.

സ്ത്രീകളെ ഭോഗവസ്തുവായി കാണാനേ കൗമാരപ്രായക്കാർക്ക് സാധിക്കുന്നുള്ളൂ. പെൺകുട്ടികൾ തന്നെയും ആ തരത്തിലാണ് സമൂഹത്തിൽ സ്വയം പ്രത്യക്ഷപ്പെടുന്നത്. ഭാര്യാഭർത്താക്കന്മാർ പോലും ചെയ്യാൻ മടിക്കുന്ന ലീലകൾ പരസ്യമായി ചെയ്യാൻ ഇത്തരക്കാർക്ക് മടിയില്ല എന്നത് കാലത്തിൻെറ ഫാഷനായി കാണാനേ മുതിർന്നവർക്കും സാധിക്കുന്നുള്ളൂ.

വിദ്യാർഥി-വിദ്യാർഥിനികളുടെ വഴിവിട്ട അപഥസഞ്ചാരത്തിന് ഉത്തരവാദിത്തം പ്രധാനമായും രക്ഷിതാക്കൾക്കാണ്. പഠിക്കുന്ന കാലത്ത് ധാർമികശിക്ഷണം നല്കുന്നതിലും ആ രീതിയിൽ അവരെ വളർത്തിയെടുക്കുന്നതിലും സംഭവിച്ച തകരാറുകളാണ് പ്രധാനം. അതോടൊപ്പം വിദ്യാഭ്യാസത്തിൽനിന്ന് ധാർമികമൂല്യങ്ങളെ നിരാകരിച്ചതും കാമ്പസുകളിൽ അത്തരം ചിന്താഗതികൾക്ക് സ്ഥാനം കല്പിക്കാത്തതും ഗുരുതരമായ വീഴ്ചയാണ്. ആ മേഖലകളിൽനിന്നെല്ലാം യുവത ബഹുദൂരം അകന്നിരിക്കുന്നു. അവർക്ക് കൗതുകം നീളം കുറഞ്ഞ വസ്ത്രങ്ങളിലും അടിപൊടികളിലുമാണ്. ബോയ്ഫ്രണ്ടും ഗേൾഫ്രണ്ടുമാണ് ഇന്ന് സംസ്കാരത്തെ അടക്കിഭരിക്കുന്നത്. ഇവരെ തിരുത്തിയേ പറ്റൂ. അതിൽ വരുത്തുന്ന വീഴ്ച കുടുംബഭദ്രതയെയാണ് ആദ്യം നശിപ്പിക്കുക. തുടർന്ന് സദാചാരം കാത്തുസൂക്ഷിക്കുന്ന സമൂഹത്തെയും.